സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ


# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു
പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 മെയ് 17 ബുധൻ

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

# മുഖ്യമന്ത്രി സ്ഥാനം കിട്ടിയില്ലെങ്കിൽ മന്ത്രിസഭയിലേക്കില്ല: ഡി.കെ ശിവകുമാർ



ബംഗളൂരു: കർണാടകയിൽ മുഖ്യമന്ത്രി സ്ഥാനം കിട്ടിയില്ലെങ്കിൽ താൻ മന്ത്രിസഭയിലേക്കില്ലെന്ന നിലപാടിലാണ് ഡി.കെ ശിവകുമാർ. ടേം വ്യവസ്ഥയടക്കം ഹൈക്കമാൻഡ് മുന്നോട്ട് വച്ച് നിർദേശങ്ങൾ ഡി.കെ തള്ളിയതോടെ കോൺഗ്രസിന്റെ മുഖ്യമന്ത്രി പ്രഖ്യാപനം നീളും. സിദ്ധരാമയ്യ ജനകീയനായതിനാൽ അദ്ദേഹത്തിന് മുഖ്യമന്ത്രി സ്ഥാനം നൽകാമെന്ന ദേശീയ നേതാക്കളുടെ നീക്കത്തെ ശക്തമായി ഡി.കെ എതിർക്കുന്നു.

സിദ്ധരാമയ്യ ജനകീയനാണെങ്കിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പാർട്ടി തോറ്റത് എന്തുകൊണ്ടെന്ന ചോദ്യമാണ് ഹൈക്കമാൻഡ് നേതൃത്വത്തിന് മുന്നിൽ ഡി.കെ ഉയർത്തുന്നത്. പ്രായം 76 കഴിഞ്ഞ അദ്ദേഹം പുതിയ ആളുകളുടെ വഴി മുടക്കരുതെന്നും സിദ്ധരാമയ്ക്ക് നേരത്തെ അഞ്ചുവർഷം തുടർച്ചയായി ഭരിക്കാൻ അവസരം ലഭിച്ചതാണ്. അധികാരത്തിലുള്ളപ്പോഴും പ്രതിപക്ഷ നേതാവായപ്പോഴും പാർട്ടി താൽപര്യങ്ങളേക്കാൾ വ്യക്തി താൽപര്യങ്ങൾക്കാണ് സിദ്ധരാമയ്യ മുൻതൂക്കം നൽകിയത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 2018ൽ നിയമസഭാ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടാൻ കഴിഞ്ഞില്ലെന്നും ഹൈക്കമാൻഡ് വൃത്തങ്ങൾക്ക് മുന്നിൽ ഡി.കെ തുറന്നടിക്കുന്നു.

ഉപമുഖ്യമന്ത്രി പദത്തിനും പ്രധാന വകുപ്പുകൾക്കും പുറമെ ശിവകുമാർ നിർദേശിക്കുന്ന മൂന്ന് പേരെ മന്ത്രിസഭയിലുൾപ്പെടുത്താമെന്ന വാഗ്ദാനവുമാണ് നേതൃത്വം മുന്നോട്ടുവയ്ക്കുന്നത്. രാഹുൽ ഗാന്ധി കൂടി പങ്കെടുത്ത യോഗത്തിലാണ് ഈ നിർദേശങ്ങൾ ഉയർന്നത്. അതേ സമയം, സിദ്ധരാമയ്യയും വിട്ടുകൊടുക്കാൻ തയ്യാറല്ല. ഭൂരിപക്ഷ എം.എൽ.എമാരുടെ പിന്തുണ തനിക്കുണ്ടെന്നും ഭൂരിപക്ഷ പിന്തുണ പരിഗണിച്ച് മുഖ്യമന്ത്രി പ്രഖ്യാപനം നടത്തണമെന്നുമാണ് സിദ്ധരാമയ്യ ആവശ്യപ്പെടുന്നത്. പിന്നോക്ക, ന്യൂനപക്ഷ വിഭാഗങ്ങൾ പാർട്ടിക്കൊപ്പം നിന്നത് താൻ മൂലമെന്നാണ് സിദ്ധരാമയ്യയുടെ അവകാശവാദം. അനുനയ നീക്കങ്ങളുമായി ഹൈക്കമാൻഡ് ഡൽഹിയിലുള്ള നേതാക്കളുമായി ചർച്ച തുടരും.

## 72 മണിക്കൂറിനുള്ളിൽ പുതിയ മന്ത്രിസഭ: സുർജേവാല



ബംഗളൂരു: കർണാടകയിൽ സിദ്ധരാമയ്യയാണോ അതോ ഡി.കെ ശിവകുമാറാണോ അടുത്ത മുഖ്യമന്ത്രി എന്ന ചോദ്യത്തിന് തീരുമാനമായില്ലെന്ന് രൺദീപ് സിങ് സുർജേവാല. ചർച്ചകൾ ഇപ്പോഴും നടന്നു കൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രി പദത്തിൽ തീരുമാനമായാൽ ഇക്കാര്യം അറിയിക്കുമെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ, കർണാടകയിൽ അടുത്ത 72 മണിക്കൂറിനുള്ളിൽ പുതിയ മന്ത്രിസഭ അധികാരമേൽക്കുന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഡി.കെ ശിവകുമാറും സിദ്ധരാമയ്യയും പ്രതിനിധികളും പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുമായി ചർച്ച നടത്തുകയാണ്. രാഹുൽ ഗാന്ധിയെ ഇരുവരും പ്രത്യേകമായി കാണുകയും ചെയ്തു. ടേം നിലയിലായിരിക്കും തർക്കത്തിന് പരിഹാരമെന്നും ആദ്യ ടേമിൽ സിദ്ധരാമയ്യയും രണ്ടാം ടേമിൽ ശിവകുമാറും ആയിരിക്കും മുഖ്യമന്ത്രി പദം അലങ്കരിക്കുക എന്ന വാർത്തകൾ വന്നിരുന്നു. എന്നാൽ, മുഖ്യമന്ത്രിയെ തീരുമാനിച്ചു കഴിഞ്ഞുവെന്നും മന്ത്രിസഭ ഇന്നു തന്നെ അധികാരമേൽക്കുമെന്നുമുള്ള വാർത്തകൾ അദ്ദേഹം നിഷേധിച്ചു. ഇപ്പോൾ പ്രചരിക്കുന്ന തീയതികളിൽ അടക്കം സത്യമില്ല. ഇത്തരം പ്രചരണങ്ങൾ ബി.ജെ.പിയാണ് നടത്തുന്നത്. പ്രഖ്യാപനം വിശദമായ ചർച്ചകൾക്ക് ശേഷം ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.




## എസ്.എഫ്.ഐ ആൾമാറാട്ടം: വിവാദമായതോടെ പട്ടിക തിരുത്തി പ്രിൻസിപ്പാൾ

### പിശക് പറ്റിയെന്ന് വിശദീകരണം


വിശാഖ് (എസ്.എഫ്.ഐ ഏരിയ സെക്രട്ടറി)

തിരുവനന്തപുരം: കാട്ടാക്കട ക്രിസ്ത്യൻ കോളേജിലെ യൂണിയൻ തെരഞ്ഞെടുപ്പിൽ കൗൺസിലർ സ്ഥാനത്തേക്ക് മത്സരിച്ച് ജയിച്ച പെൺകുട്ടിക്ക് പകരം എസ്.എഫ്.ഐ ഏരിയ സെക്രട്ടറിയുടെ പേര് പട്ടികയിൽ ചേർത്തത് വിവാദമായതോടെ പട്ടിക തിരുത്തി കോളേജ്. യു.യു.സിയുടെ പേര് നൽകിയതിൽ പിശക് പറ്റി എന്ന് കാട്ടാക്കട ക്രിസ്ത്യൻ കോളേജ് പ്രിൻസിപ്പാൾ വ്യക്തമാക്കി. പിശക് പറ്റി എന്ന് പ്രിൻസിപ്പാൾ കേരള സർവകലാശാലയെ അറിയിച്ചു.

യു.യു.സി ആയി ജയിച്ച അനഘക്ക് പകരം കോളേജിൽ നിന്ന് നൽകിയത് എസ്.എഫ്.ഐ ഏരിയ സെക്രട്ടറി വിശാഖിന്റെ പേരായിരുന്നു. വിവാദമായപ്പോൾ പിശക് എന്നുപറഞ്ഞു തടി ഊരാനാണ് പ്രിൻസിപ്പാളിന്റെ ശ്രമം. സർവകലാശാല തെരഞ്ഞെടുപ്പ് നടപടിയിൽ അടക്കം സംശയം കാണുന്നുവെന്നും കടുത്ത നടപടി സ്വീകരിക്കുമെന്നും സർവകലാശാല പ്രതികരിച്ചു. പ്രിൻസിപ്പാളിനോട് അടിയന്തിരമായി നേരിട്ട് ഹാജരാകാൻ കേരള സർവകലാശാല ആവശ്യപ്പെട്ടിട്ടുണ്ട്. ആൾമാറാട്ടം നടത്തിയത് സംബന്ധിച്ച് നിരവധി പരാതികളാണ് സർവകലാശാലക്ക് ലഭിച്ചത്. കെ.എസ്.യു ഡി.ജി.പിക്ക് പരാതി നൽകിയിട്ടുണ്ട്. കോളേജിൽ ഡിസംബർ 12നാണ് തിരഞ്ഞെടുപ്പ് നടന്നത്. ആരോമൽ, അനഘ എന്നിവരാണ് ഇവിടെ നിന്ന് ജയിച്ചത്. കൗൺസിലറുടെ പേരുകൾ കോളേജിൽ നിന്ന് യൂണിവേഴ്സിറ്റിയിലേക്ക് നൽകിയപ്പോഴാണ് അനഘയുടെ പേര് മാറ്റി തൽസ്ഥാനത്ത് വിശാഖിന്റെ പേര് ചേർത്തത്.

## ആശുപത്രി സംരക്ഷണ നിയമ ഭേഗതി ഓർഡിനൻസ്; ഇന്ന് അംഗീകാരം നൽകും




തിരുവനന്തപുരം: ഇന്ന് ആശുപത്രി സംരക്ഷണ നിയമ ഭേഗതി ഓർഡിനൻസിന് കേരള കാബിനറ്റ് അംഗീകാരം നൽകും. ആരോഗ്യപ്രവർത്തകരെ അസഭ്യം പറയുന്നതും അധിക്ഷേപിക്കുന്നതും ഈ നിയമത്തിന്റെ പരിധിയിൽ വരും. കുറഞ്ഞ ശിക്ഷ ആറ് മാസം തടവും, ഉയർന്ന ശിക്ഷ ഏഴ് വർഷം വരെ തടവുമായിരിക്കും. നഴ്സിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിയമത്തിന്റെ സംരക്ഷണമുണ്ടാകും. നാശനഷ്ടങ്ങൾ സൃഷ്ടിക്കുകയാണെങ്കിൽ ആറിരട്ടി വരെ പിഴയിടാക്കുന്നതും പരിഗണനയിലുണ്ട്. സമയബന്ധിത നിയമനടപടികൾക്ക് വ്യവസ്ഥയുണ്ടാകും. സുരക്ഷാ ജീവനക്കാർ, ക്ലറിക്കൽ ജീവനക്കാർ, ശുചീകരണ തൊഴിലാളികൾ എന്നിവരെ വരെ നിയമപരിരക്ഷയിൽ ഉൾപ്പെടുത്താനും ആവശ്യം ഉയർന്നിരുന്നു. ഡോ. വന്ദനയുടെ പേര് ഈ നിയമഭേദഗതിക്ക് നൽകണമെന്നാണ് ഡോക്ടർമാരുടെ സംഘടനകളുടെ ഒരാവശ്യം.

### അമ്മയും കുഞ്ഞും കുളിമുറിയിൽ പൊള്ളലേറ്റ് മരിച്ച സംഭവം

## കൊലപാതകമാരോപിച്ച് യുവതിയുടെ അച്ഛൻ


അഞ്ജു

തിരുവനന്തപുരം: തിരുവനന്തപുരം പുത്തൻതോപ്പിൽ യുവതിയും കുഞ്ഞും കുളിമുറിക്കുള്ളിൽ പൊള്ളലേറ്റ് മരിച്ച സംഭവത്തിൽ കൊലപാതകമാരോപിച്ച് യുവതിയുടെ അച്ഛൻ പ്രമോദ്. മരണത്തിൽ ദുരൂഹതയുണ്ടെന്നാരോപിച്ച് അഞ്ജുവിന്റെ അച്ഛൻ കഠിനംകുളം പോലിസിൽ പരാതി നൽകി. പുത്തൻതോപ്പ് സ്വദേശി രാജു ജോസഫ് ടിൻസിലിയുടെ ഭാര്യ അഞ്ജുവും ഒമ്പതുമാസം പ്രായമുള്ള മകൻ ഡേവിഡുമാണ് ഇന്നലെ വൈകിട്ട് ഏഴ് മണിയോടെ പൊള്ളലേറ്റ് മരിച്ചത്. വീടിനുള്ളിലെ കുളിമുറിയിലാണ് യുവതിയേയും മകനേയും പൊള്ളലേറ്റ നിലയിൽ കണ്ടെത്തിയത്. ഭർത്താവിന്റെ അവിഹിത ബന്ധം ചോദ്യം ചെയ്തതിന് മകളെ മർദിക്കുമായിരുന്നുവെന്നും മരണത്തിൽ ദുരൂഹതയുണ്ടെന്നുമാണ് അച്ഛൻ ആരോപിക്കുന്നത്. കുളിമുറിയിൽ പൊള്ളലേറ്റ നിലയിലാണ് മകളെയും പേരക്കുട്ടിയെയും കണ്ടത്. മകൾ ആത്മഹത്യ ചെയ്യുമെന്ന് കരുതുന്നില്ലെന്നും ദുരൂഹതയുണ്ടെന്നും മറ്റ് ബന്ധുക്കളും ആരോപിക്കുന്നു. സംഭവസമയം അഞ്ജുവും മകനും മാത്രമാണ് വീട്ടിലുണ്ടായിരുന്നത്. ഭർത്താവ് രാജു ജോസഫ് അയൽപക്കത്തെ വീട്ടിലായിരുന്നുവെന്നാണ് പറയുന്നത്. സംഭവം കണ്ടയുടനെ രാജു ഉടൻ മകനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ഇന്ന് രാവിലെ മരിച്ചു. മണ്ണെണ്ണയൊഴിച്ച് തീകൊളുത്തി ആത്മഹത്യ ചെയ്തതാകാമെന്നാണ് പോലിസിന്റെ പ്രാഥമിക നിഗമനം. ഒന്നരവർഷം മുൻപായിരുന്നു രാജു ജോസഫിന്റെയും വെങ്ങാനൂർ സ്വദേശിയായ അഞ്ജുവിന്റെയും പ്രണയ വിവാഹം. ഇരുവരും തമ്മിൽ കുടുംബപ്രശ്നമുണ്ടോയെന്നതടക്കമുള്ള കാര്യങ്ങൾ അന്വേഷിക്കുമെന്ന് കഠിനംകുളം പോലിസ് അറിയിച്ചു. അസ്വാഭാവിക മരണത്തിന് കേസെടുത്ത പോലിസ് കൂടുതൽ അന്വേഷണത്തിലാണ്.

# സംസ്ഥാനത്ത് ജൂലൈ ഒന്ന് മുതൽ വൈദ്യുതി നിരക്ക് വർധിക്കും

### യൂണിറ്റിന് 25 പൈസ മുതൽ 80 പൈസ വരെ വർധിക്കും




തിരുവനന്തപുരം: വൈദ്യുതി ചാർജ് വർധിപ്പിച്ച് ജനങ്ങൾക്ക് ഇരുട്ടടി നൽകി സർക്കാർ. യൂണിറ്റിന് 25 പൈസ മുതൽ 80 പൈസ വരെയാണ് വർധിപ്പിക്കാൻ വൈദ്യുതി ബോർഡ് അപേക്ഷ നൽകിയിരിക്കുന്നത്. വർധന ജൂലൈ ഒന്ന് മുതൽ സംസ്ഥാനത്ത് നിലവിൽ വരും. ഗാർഹികാവശ്യത്തിനുള്ള വൈദ്യുതിയുടെ നിരക്ക് വർധിപ്പിക്കണമെന്ന അപേക്ഷയിൽ കമ്മീഷൻ പൊതു തെളിവെടുപ്പ് പൂർത്തിയാക്കി.

ജൂൺ പകുതിയോടെ നികുതി വർധന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രഖ്യാപിക്കും. നിലവിലുള്ള വൈദ്യുതി താരിഫിന് ജൂൺ 30 വരെയാണ് കാലാവധി. അടുത്ത അഞ്ച് വർഷത്തേക്കുള്ള താരിഫ് വർധനവാണ് ബോർഡ് നിർദേശിച്ചിരിക്കുന്നത്. കൂടാതെ സർചാർജിൽ നിന്നും മുക്തമാക്കുന്നതിനുമുമ്പാണ് നിരക്കു വർധന. ഫെബ്രുവരി മുതൽ മെയ് മാസം അവസാനംവരെ വൈദ്യുതോപയോഗത്തിന് എല്ലാ വിഭാഗം ഉപഭോക്താക്കളിൽ നിന്നും യൂണിറ്റിന് ഒമ്പത് പൈസ നിരക്കിലാണ് സർചാർജ് ഈടാക്കുന്നത്.

50 മുതൽ 200 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളുടെ നിരക്കിൽ കാര്യമായ മാറ്റം വരുത്തണമെന്നതാണ് കെ.എസ്.ഇ.ബിയുടെ നിലപാട്. 500 യൂണിറ്റിന് മുകളിൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് വലിയ മാറ്റം വേണ്ടതില്ലെന്നും കെ.എസ്.ഇ.ബി പറഞ്ഞിരുന്നു. പ്രതിമാസം കൂടാതെ ഫിക്സഡ് ചാർജ് 30 രൂപ വരെ കൂട്ടണമെന്നും കെ.എസ്.ഇ.ബി ആവശ്യപ്പെട്ടിരുന്നു.

### വായ്പ തുക നിശ്ചയിച്ച് നൽകാതെ കേന്ദ്രം

## സംസ്ഥാനത്തെ ക്ഷേമ പെൻഷനും പെൻഷൻ കുടിശ്ശിക വിതരണവും പ്രതിസന്ധിയിൽ



തിരുവനന്തപുരം: നടപ്പ് സാമ്പത്തിക വർഷത്തേക്കുള്ള വായ്പ തുക നിശ്ചയിച്ച് നൽകാതെ കേന്ദ്രം. ഇതോടെ ക്ഷേമ പെൻഷൻ മുതൽ ശമ്പള പെൻഷൻ കുടിശ്ശിക വിതരണം വരെയുള്ള കാര്യങ്ങളിൽ ആശങ്കയിലാണ് സംസ്ഥാന സർക്കാർ. ഇതോടെ കഴിഞ്ഞ വർഷത്തെ പോലെ തുക വെട്ടിക്കുറയ്ക്കുമോ എന്ന ആശങ്കയിലാണ് ധനവകുപ്പ്. കിഫ്ബി പദ്ധതിയും സാമൂഹ്യ ക്ഷേമ പെൻഷൻ കമ്പനിയും എടുത്ത 14,312 കോടി കേരളത്തിന്റെ വായ്പ പരിധിയിൽ നിന്ന് വെട്ടിക്കുറയ്ക്കാനുള്ള കേന്ദ്ര തീരുമാനം അന്ന് വലിയ തിരിച്ചടിയുമായിരുന്നു. മൂന്ന് മാസത്തെ ക്ഷേമ പെൻഷൻ കുടിശ്ശികയാണ്. സർവീസ് പെൻഷൻ പരിഷ്കരണ കുടിശിക 2,800 കോടിയും ക്ഷാമബത്ത കുടിശിക 1,400 കോടിയും കൊടുത്തു തീർക്കാനുള്ളതിൽ രണ്ട് ഗഡു ഈ സാമ്പത്തിക വർഷം നൽകുമെന്ന ധനമന്ത്രിയുടെ വാഗ്ദാനവും നിലവിലുണ്ട്. ഈ ഘട്ടത്തിൽ വായ്പ പരിധി വെട്ടിക്കുറയ്ക്കുന്ന തീരുമാനം കേന്ദ്രത്തിന്റെ ഭാഗത്ത് നിന്നുണ്ടായാൽ അത് വലിയ തിരിച്ചടിയാകും. ചെലവുകുറയ്ക്കലടക്കം നിർദേശങ്ങൾ കർശനമായി നടപ്പാക്കുന്നതിലൂടെ വലിയ ബാധ്യതകളിൽ നിന്ന് കേരളം മെല്ലെ കരകയറുന്നുണ്ടെന്നാണ് സാമ്പത്തിക വിദഗ്ധരുടെ കണക്കുകൂട്ടൽ. ഒരു വശത്ത് നികുതി പരിഷ്കരണം അടക്കം സാമ്പത്തിക സമാഹരണ നിർദേശങ്ങൾ നടപ്പാക്കുമ്പോഴാണ് അർഹതയുള്ള വായ്പ തുകയിൽ കേന്ദ്ര ഇടപെടലുണ്ടാക്കുന്ന ആശങ്ക. ഓരോ സംസ്ഥാനത്തിനും അതാത് സാമ്പത്തിക വർഷം എടുക്കാവുന്ന വായ്പ പരിധി നിർണയിച്ച് നൽകേണ്ടത് കേന്ദ്രസർക്കാരാണ്. സംസ്ഥാനം ആവശ്യപ്പെടുന്ന മുറയ്ക്ക് വായ്പ തുക കേന്ദ്രം അംഗീകരിച്ച് നൽകണം. ഡിസംബർ വരെയുള്ള ഒമ്പത് മാസത്തേക്കുള്ള വായ്പ തുകക്ക് അനുമതി ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും കേന്ദ്ര തീരുമാനം അറിയിച്ചിട്ടില്ല. നടപ്പ് സാമ്പത്തിക വർഷം കേരളത്തിന് 32,440 കോടി രൂപയാണ് കണക്കാക്കിയത്.



ലോക ഹൈപ്പർ ടെൻഷൻ ദിനത്തോടനുബന്ധിച്ച് മലബാർ ഹോസ്പിറ്റൽ സംഘടിപ്പിച്ച പരിപാടിയിൽ പ്രശസ്ത കാർഡിയോളജി വിദഗ്ധൻ ഡോ. കെ. കുഞ്ഞാലി ബോധവൽക്കരണ സന്ദേശം നൽകുന്നു

# കർണാടകത്തിലെ കോൺഗ്രസിന്റെ ഉജ്ജ്വലവിജയം ബി.ജെ.പി – നരേന്ദ്രമോദി സർക്കാരിനുള്ള താക്കീത്: മാന്നാനം സുരേഷ്

കോട്ടയം: കർണാടകത്തിലെ കോൺഗ്രസിന്റെ ഉജ്ജ്വലവിജയം ബി.ജെ.പി-നരേന്ദ്രമോദി സർക്കാരിനുള്ള താക്കീതാണെന്ന് രാഷ്ട്രീയ ജനതാദൾ കോട്ടയം ജില്ലാ പ്രസിഡന്റ് മാന്നാനം സുരേഷ് പറഞ്ഞു. കർണാടകത്തിലെ തെരഞ്ഞെടുപ്പ് ഫലം മതേതര ജനാധിപത്യ പ്രതിപക്ഷ ഐക്യ കൂട്ടായ്മയ്ക്ക് ശക്തിപകരുന്നതാണെന്നും ബി.ജെ.പിക്ക് എതിരേ ദേശീയതലത്തിൽ പ്രതിപക്ഷ ഐക്യകൂട്ടായ്മക്ക് കർണാടകത്തിലെ തെരഞ്ഞെടുപ്പ് ഫലം വേഗത കൂട്ടുമെന്നും മാന്നാനം സുരേഷ് പറഞ്ഞു. പെട്രോൾ, ഡീസൽ പാചക വാതകവില കുറയ്ക്കുകയും ഇവയെ ജി.എസ്.ടിയിൽ അടിയന്തിരമായി ഉൾപ്പെടുത്തുകയും വേണം. അങ്ങനെയായാൽ പെട്രോളിനും ഡീസലിനും 70 രൂപയ്ക്ക് ലിറ്ററിന് കൊടുക്കുവാൻ സാധിക്കുമെന്ന് മാന്നാനം സുരേഷ് ചൂണ്ടിക്കാട്ടി. കേന്ദ്രവും സംസ്ഥാനവും 28 ശതമാനം നികുതിയാണ് ചുമത്തിയിരിക്കുന്നത്. വിലക്കയറ്റത്തിൽ പൊറുതിമുട്ടുന്ന സാധാരണ ജനങ്ങൾക്ക് അധികഭാരം അടിച്ചേൽപ്പിക്കുകയാണ് സർക്കാരുകൾ ചെയ്യുന്നതെന്നും സുരേഷ് പറഞ്ഞു. രാഷ്ട്രീയ ജനതാദൾ വരും നാളുകളിൽ അതിശക്തമായ സമരപരിപാടികൾ നടത്തുമെന്ന് ധർണ ഉദ്ഘാടനം ചെയ്തുകൊണ്ട് രാഷ്ട്രീയ നതാദൾ സംസ്ഥാന സെക്രട്ടറി എൻ.ഒ കുട്ടപ്പൻ പറഞ്ഞു. വരും നാളുകളിൽ കൂടുതൽ രാഷ്ട്രീയപാർട്ടികൾ രാഷ്ട്രീയ ജനതാദളിലേക്ക് വന്നുചേരുമെന്നും എൻ.ഒ കുട്ടപ്പൻ പറഞ്ഞു. രാഷ്ട്രീയ ജനതാദൾ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം ഹെഡ് പോസ്റ്റ് ഓഫിസിൽ പടിക്കൽ നടത്തിയ ധർണയിൽ സുരേഷ് അധ്യക്ഷത വഹിച്ചു. രാഷ്ട്രീയ കിസാൻ ജനതാദൾ പ്രസിഡന്റ് ടോമി ജോസഫ്, രാഷ്ട്രീയ ജനതാദൾ ജില്ല വൈസ് പ്രസിഡന്റുമാരായ ബാബു ചെറിയാൻ, സോജൻ ഇല്ലി മൂട്ടിൽ, ഭരത് എബ്രഹാം, ജില്ലാ സെക്രട്ടറി ജിമ്മി ജേക്കബ്, യുവ രാഷ്ട്രീയ ജനതാദൾ സംസ്ഥാന വൈസ് പ്രസിഡന്റ് പ്രിയൻ ആന്റണി, യുവ രാഷ്ട്രീയ ജനതാദൾ സംസ്ഥാന സെക്രട്ടറി സോജി പ്രിയൻ, ട്രഷറർ ജഗദീഷ്, അനീഷ് രാമൻ എന്നിവർ സംസാരിച്ചു. ജില്ലാ ജനറൽ സെക്രട്ടറി അനിൽകുമാർ മൂലക്കുന്നേൽ നന്ദി പറഞ്ഞു.




കോട്ടയം ഹെഡ് പോസ്റ്റ് ഓഫിസിലേക്ക് രാഷ്ട്രീയ ജനതാദൾ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ ധർണയിൽ നിന്ന്

# 'മലബാർ സിംഹം വാരിയൻ കുന്നൻ' ഷോർട്ട് ഫിലിമിന്റെ അണിയറ പ്രവർത്തകർ ഒത്തുചേർന്നു

കോഴിക്കോട്: സ്വാതന്ത്ര്യ സമര സേനാനിയും ധീര രക്തസാക്ഷിയുമായ വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ ജീവിതം അടയാളപ്പെടുത്തിയ 'മലബാർ സിംഹം വാരിയൻ കുന്നൻ' ഷോർട്ട് ഫിലിമിന്റെ അണിയറ പ്രവർത്തകരും അഭിനേതാക്കളും ഒത്തുചേർന്നു. കോഴിക്കോട് ഹെറിറ്റേജ് ഹാളിൽ നടന്ന ചടങ്ങ് മുതിർന്ന മാധ്യമ പ്രവർത്തകൻ കമാൽ വരദൂർ ഉദ്ഘാടനം ചെയ്തു. മതേതര സന്ദേശം നൽകുന്ന കലാസൃഷ്ടികളെ സൈബർ ആക്രമണം നടത്തിയും ഭീഷണിപ്പെടുത്തിയും ഇല്ലാതാക്കാൻ നോക്കുന്നത് ശരിയല്ലെന്നും ചരിത്ര സത്യങ്ങളെ വളച്ചൊടിക്കാൻ ഭരണകൂടം തന്നെ കൂട്ടുനിൽക്കുന്ന സ്ഥിതി വിശേഷം ആപൽക്കരമാണെന്ന് കമാൽ വരദൂർ പറഞ്ഞു. കഴിഞ്ഞ ആഴ്ചയാണ് 'മലബാർ സിംഹം വാരിയൻ കുന്നൻ' എന്ന പേരിൽ ഷോർട്ട് ഫിലിം യൂട്യൂബിൽ റിലീസ് ചെയ്തത്. കലാമൂല്യം കൊണ്ടും സത്യസന്ധമായ അടയാളപ്പെടുത്തൽ കൊണ്ടും മലബാർ സിംഹം വാരിയൻ കുന്നൻ ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. ചിത്രത്തിന്റെ അണിയറ പ്രവർത്തകർക്കും അഭിനേതാക്കൾക്കും സൈബർ ആക്രമണവും ഭീഷണികളും ഉണ്ടായിരുന്നു. അതിനെയെല്ലാം അതിജീവിച്ചാണ് ചിത്രം വലിയ വിജയമായി തീർന്നത്. വാരിയൻ കുന്നന്റെ കുടുംബമായ ചക്കിപ്പറമ്പൻ ഫാമിലി അസോസിയേഷന് വേണ്ടി ഫൈസൽ ഹുസൈൻ ആണ് ചിത്രം അണിയിച്ചൊരുക്കിയിരിക്കുന്നത്.

വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദാജിയുടെ ജീവിതം സത്യസന്ധമായി ആവിഷ്കരിച്ച അണിയറ പ്രവർത്തകരെ പത്രപ്രവർത്തകനും സാംസ്കാരിക പ്രവർത്തകനുമായ സയൻസൺ പുന്നശ്ശേരി ആദരിച്ചു. കവി ബാപ്പു വാവാട് മുഖ്യാതിഥിയായി. സംവിധായകൻ ഫൈസൽ ഹുസൈൻ,സുഹാസ് ലാംഡ, ബന്ന ചേന്ദമംഗല്ലൂർ, മജീദ് പുളിക്കൽ, അനിൽ ജനനി, മുക്കം വിജയൻ , ഗൗതം രാജീവ്, പ്രബീഷ് ലിൻസി, രാജശേഖർ തുടങ്ങിയവർ സംസാരിച്ചു.




'മലബാർ സിംഹം വാരിയൻ കുന്നൻ' ഷോർട്ട് ഫിലിമിന്റെ അണിയറ പ്രവർത്തകരുടേയും അഭിനേതാക്കളുടേയും സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന കമാൽ വരദൂർ



ഭാരതീയ ദലിത് സാഹിത്യ അക്കാദമിയുടെ 27-ാമത് സംസ്ഥാന സമ്മേളനത്തിന്റേയും ദലിത് സംഗമത്തിന്റേയും ഉദ്ഘാടനം തൃശൂർ മേയർ എം.കെ വർഗീസ് നിർവഹിക്കുന്നു

# ഭാരതീയ ദലിത് സാഹിത്യ അക്കാദമി സംസ്ഥാന സമ്മേളനം നടത്തി

തൃശൂർ: ഭാരതീയ ദലിത് സാഹിത്യ അക്കാദമിയുടെ 27-ാമത് സംസ്ഥാന സമ്മേളനവും പുരസ്കാര വിതരണവും കുടുംബ സംഗമവും കേരള സാഹിത്യ അക്കാദമിയിൽ വിവിധ പരിപാടികളോടെ നടത്തി. സംസ്ഥാന പ്രസിഡന്റ് തോട്ടപ്പള്ളി ബാലകൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന ദലിത് സംഗമം തൃശൂർ മേയർ എം.കെ.വർഗീസ് ഉദ്ഘാടനം ചെയ്തു. പി.ബാലചന്ദ്രൻ എം.എൽ.എ പുരസ്കാര വിതരണവും, സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം മുഖ്യ പ്രഭാഷണവും നടത്തി. ജില്ലാ പഞ്ചായത്ത് മെമ്പർ വി.എസ്. പ്രിൻസ്, സിനിമാ സംവിധായകൻ പി.കെ.ബാബുരാജ്, രാമദാസ് വെങ്ങേരി, കെ.പി.ഗോപിനാഥ്, പി.എസ്.സുഗന്ധപ്പൻ, കുമാരി കൃഷ്ണൻകുട്ടി, സുലോചന രാജൻ, എം.വി. അനിത, അനൂപ് ബി.ബാലകൃഷ്ണൻ, സുഷമ അശോകൻ, പി.കെ. റാവുകുട്ടൻ, സീതാദേവി മലയാറ്റൂർ എന്നിവർ സംസാരിച്ചു.



സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി കോഴിക്കോട് ബീച്ച് ഓപ്പൺ സ്റ്റേജിൽ നടന്ന ജിംനാസ്റ്റിക്ക് ഷോയിൽനിന്ന്

# കൊടുവള്ളി റെയിൽവേ മേൽപ്പാലം ആഗസ്റ്റിൽ പൂർത്തിയാകും

തലശ്ശേരി: ഏറെ മാസങ്ങളായി ഇഴഞ്ഞുനീങ്ങിയ കൊടുവള്ളി റെയിൽവേ മേൽപ്പാലം നിർമാണ പ്രവൃത്തിക്ക് വേഗത കൂടി. നാല് മാസത്തിനകം റെയിൽവേ മേൽപാലം യാഥാർത്ഥ്യമായേക്കും. കഴിഞ്ഞ മാസം എറണാകുളത്ത് സ്പീക്കർ എ.എൻ ഷംസീറിന്റെ അധ്യക്ഷതയിൽ നടന്ന ബന്ധപ്പെട്ടവരുടെ യോഗം നിർമാണ പുരോഗതി വിലയിരുത്തുകയും വരുന്ന ഒക്ടോബറിനകം മേൽപ്പാലം പൂർത്തിയാക്കാനായിരുന്നു തീരുമാനം. എന്നാൽ, കഴിഞ്ഞ ദിവസം സ്പീക്കറുടെ തലശ്ശേരി ക്യാംപ് ഓഫിസിൽ പാലം കരാർ കമ്പനിയായ ചെന്നൈ എസ്.പി.എല്ലിന്റെ സി.ഇ.ഒ ശരവണനെ വിളിച്ചു വരുത്തി നടത്തിയ ചർച്ചയിലാണ് പാലം പണി ആഗസ്റ്റിൽ തീർക്കാനാവുമെന്ന് ധാരണയായത്. കൊടുവള്ളിയിൽ പണിയുന്ന മേൽപ്പാലത്തിന് പാളത്തിന്റെ ഇരുവശത്തുംപൈൽ, പൈൽ ക്യാപ്, പിയർ, പിയർ ക്യാപ്, ഗർഡർ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ ഇതിനകം പൂർത്തിയായിരുന്നു. പാളത്തിന് തൊട്ട് റെയിൽവേ അനുമതിയോടെ പൈലിംഗ് നടത്തിയിട്ടുണ്ട്. ഇതിന്റെ പരിശോധന റെയിൽവേ എഞ്ചിനിയറിങ്ങ് വിഭാഗം പൂർത്തിയാക്കി. തുടർ പ്രവൃത്തിക്കും അനുമതി നൽകി. ഇതോടെ ഒട്ടും വൈകാതെ പൈൽ ക്യാപും തൂണുകളും (പിയർ) ഇവിടെ ഉയരും. മേൽപാലം കഴിഞ്ഞ മാർച്ചിൽ പൂർത്തിയാക്കാൻ റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ യോഗം നേരത്തെ തീരുമാനിച്ചിരുന്നു. എന്നാൽ മാർച്ചിൽ നിർമാണം പൂർത്തിയായില്ല .പുതിയ ഷെഡ്യൂൾ പ്രകാരം മെയ് 30-നകം സർവീസ് റോഡിന്റെയും ദേശീയപാതയുടെ ഭാഗത്തെ സ്ലാബുകളുടെയും നിർമാണം പൂർത്തിയാവും'. ജൂൺ 12-നകം ഇരുഭാഗത്തെയും താങ്ങുമതിൽ നിർമിക്കും. 62 പൈലും 10 തൂണും 11 സ്ലാബുമാണ് പാലത്തിനുണ്ടാവുക.



നിർമാണത്തിലിരിക്കുന്ന കൊടുവള്ളി റെയിൽവേ മേൽപ്പാലം

# ഇ – സമൃദ്ധ ആറുമാസത്തിനകം നടപ്പിലാക്കാൻ പരിശീലകർക്കുള്ള പരിശീലനം തുടങ്ങി

തിരുവനന്തപുരം: മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മുഴുവൻ ആശുപത്രി ശൃംഖലാ സേവനങ്ങളും ചികിൽസാ ഡാറ്റയും ഒരു കുടക്കീഴിലാക്കുന്ന ഇ-സമൃദ്ധ സോഫ്റ്റ വെയർ പദ്ധതിയുടെ പരിശീലനം തുടങ്ങി. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി പ്രാവർത്തികമാക്കുന്നതോടെ സംസ്ഥാനത്തെ എല്ലാ മൃഗങ്ങളുടെയും ഡാറ്റകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ കർഷകർക്കും ഉദ്യോഗസ്ഥർക്കും ലഭ്യമാക്കുന്നതിനും വിവരങ്ങൾ വിശകലനം ചെയ്യാനും സാധിക്കും. എല്ലാ ജില്ലകളിൽ നിന്നും മൂന്ന് വീതം പരിശീലകർക്കാണ് പരിശീലനം നൽകുന്നത്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ വച്ച് നടക്കുന്ന പരിശീലനത്തിന്റെ ഉദ്ഘാടനം മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി ഓൺലൈനിൽ പങ്കെടുത്തു നിർവഹിച്ചു.



ഇ-സമൃദ്ധ സോഫ്റ്റ്‌വെയർ പദ്ധതിയുടെ പരിശീലന പരിപാടി മന്ത്രി ജെ. ചിഞ്ചുറാണി ഓൺലൈൻ വഴി ഉദ്ഘാടനം ചെയ്തപ്പോൾ



**സ്നേഹ ചുംബനം...** സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി കോഴിക്കോട് ബീച്ച് ഓപ്പൺ സ്റ്റേജിൽ നടന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ഗാനമേള അവസാനിച്ചപ്പോൾ സ്റ്റേജിൽ എത്തിയ ജില്ലാ കലക്ടർ എ. ഗീതയെ ചുംബിക്കുന്ന അമൃത് സ്മൃതേഷ് എന്ന വിദ്യാർഥി

# പന്ത്രണ്ട് വർഷക്കാലമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പില്ലാതെ പുതുച്ചേരി

**ചാലക്കര പുരുഷു**

മാഹി: പന്ത്രണ്ട് വർഷക്കാലമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടക്കാത്ത രാജ്യത്തെ ഏക സംസ്ഥാനമായി പുതുച്ചേരി മാറിയിരിക്കുകയാണ്. മാഹി ഉൾപ്പെടെ കേന്ദ്രഭരണപ്രദേശമായ പുതുച്ചേരി സംസ്ഥാനത്തെ നഗരസഭകൾക്കും പഞ്ചായത്തുകൾക്കും ജനകിയ സ്വഭാവം നഷ്ടപ്പെടുകയും, ഉദ്യോഗസ്ഥ ഭരണത്തിൽ ബ്യൂറോക്രസി അരങ്ങ് തകർക്കുകയും ചെയ്യുമ്പോൾ, പ്രതിവർഷം കേന്ദ്ര വിഹിതമായി കിട്ടേണ്ട കോടികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നത്. ഇതാകട്ടെ മയ്യഴിയുടെ വികസനത്തെയാകെ പ്രതികൂലമായി ബാധിക്കുകയുമാണ്. നീണ്ട 38 വർഷങ്ങൾക്ക് ശേഷം 2006ൽ പുതുച്ചേരി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പു നടന്നത്. പ്രമുഖ അഭിഭാഷകനായ അഡ്വ. ടി. അശോക് കുമാറിന്റെ സുപ്രീം കോടതി വരെയെത്തിയ നിയമ പോരാട്ടത്തിലൂടെയായിരുന്നു ഇത് സാധ്യമായത്. 2006ൽ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടു.

2011ൽ കാലാവധി അവസാനിക്കുകയും ചെയ്തെങ്കിലും കഴിഞ്ഞ 12 വർഷങ്ങളായി ഓരോരോ കാരണങ്ങൾ പറഞ്ഞ് സർക്കാരുകൾ തെരഞ്ഞെടുപ്പു നടത്താതിരിക്കുകയായിരുന്നു. വീണ്ടും തെരഞ്ഞെടുപ്പ് നടത്താത്തത് കോടതിയലക്ഷ്യമാണെന്ന് കാണിച്ച് അഡ്വ. അശോക് കുമാർ പൊതുതാൽപ്പര്യ ഹരജി നൽകിയതിനെ തുടർന്ന് 2021 ഒക്ടോബർ മാസത്തിനുള്ളിൽ തെരഞ്ഞെടുപ്പു നടത്താൻ സുപ്രീം കോടതി ഉത്തരവിടുകയായിരുന്നു. അതിനിടെ, 2011ൽ കാലാവധി പൂർത്തിയാക്കിയ ശേഷം തെരഞ്ഞെടുപ്പു നടത്താത്തതിനാൽ പുതുച്ചേരിയിലെ സി.പി.എം നേതാവ് കൂടി കോടതിയിലെത്തുകയും തെരഞ്ഞെടുപ്പ് തീയ്യതി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.

എന്നാൽ,സംവരണ വാർഡുകൾ വിഭജിച്ചതിൽ അപാകതയുണ്ടെന്ന് കാണിച്ച്, രംഗസാമി സർക്കാരിന്റെ കാലത്ത് പുതുച്ചേരി മുനിസിപ്പൽ മുൻ ചെയർപേഴ്സൺ (എൻ.ആർ കോൺഗ്രസ് ) കോടതിയെ സമീപിച്ചു. തുടർന്ന് നാരായണസാമി സർക്കാർ വന്നപ്പോഴും തെരഞ്ഞെടുപ്പ് നടത്താൻ നീക്കം നടത്തിയില്ല. വീണ്ടും കേസ് സുപ്രീം കോടതിയിലെത്തി. ഈ കേസിൽ അഡ്വ. അശോക് കുമാറും കക്ഷി ചേർന്നിരുന്നു. നിയമ പോരാട്ടങ്ങൾക്കൊടുവിൽ, തെരഞ്ഞെടുപ്പു നടത്താൻ വീണ്ടും സുപ്രീം കോടതി ഉത്തരവിട്ടു. ഡോ.കിരൺബേദി ലെഫ്. ഗവർണറായിരിക്കേ മലയാളിയായ റോയി പി .തോമസിനെ തെരഞ്ഞെടുപ്പു കമ്മീഷണറായി നിയമിച്ചു. സുപ്രീം കോടതി നിർദേശിച്ച സമയം അടുത്തെത്തിയിട്ടും, തെരഞ്ഞെടുപ്പു നടത്താനുള്ള ക്രമീകരണങ്ങൾ പൂർത്തിയാകാത്തതിനെ തുടർന്ന് അഡ്വ.അശോക് കുമാർ സുപ്രീം കോടതിയെ വീണ്ടും സമീപിച്ചു. ഹർജിയിൽ 2021 ഒക്ടോബർ മാസം തെരഞ്ഞെടുപ്പ് നടത്താൻ സുപ്രീം കോടതി വിധിയുണ്ടായി. അതോടെ, തെരഞ്ഞെടുപ്പു നടത്താനുള്ള പ്രക്രിയകൾ വേഗത്തിലാവുകയും തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ഇന്നുവരെ തെരഞ്ഞെടുപ്പ് നടത്താൻ അധികൃതർ തയ്യാറായില്ല. ത്രിതല പഞ്ചായത്തിന്റെ അധികാരങ്ങളൊന്നും തന്നെ മാഹി ഉൾപ്പെടെ പുതുച്ചേരി സംസ്ഥാനത്തെ ജനങ്ങൾക്ക് ഇതേ വരെ ലഭ്യമായിട്ടില്ല. ഇന്ത്യയിലെ തന്നെ ഏറ്റവും പഴക്കം ചെന്ന നഗരസഭയാണ് ഫ്രഞ്ച് ഭരണകാലത്ത് രൂപീകരിക്കപ്പെട്ട മയ്യഴി, മെറി (മുൻസിപ്പാൽ കാര്യാലയം) പുതുച്ചേരിയിലെ മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾക്കൊന്നും തെരഞ്ഞെടുപ്പ് നടത്താൻ താൽപ്പര്യമില്ലെന്നതാണ് യാഥാർത്ഥ്യം. ഒരു മുനിസിപ്പാൽ പ്രദേശം തന്നെയാണ് ഒരു നിയമസഭാ മണ്ഡലവും. എം.എൽ.എമാരുടേയും മന്ത്രിമാരുടേയും കൈവശമുള്ള അധികാരങ്ങൾ നഷ്ടപ്പെടുമെന്നതിനാലാണ് രാഷ്ട്രീയ പാർട്ടികളും വൈമുഖ്യം കാട്ടുന്നതത്രെ. കേരളത്തിലെ നഗരസഭകൾ വൻതോതിൽ വികസനം കൈവരിച്ചുകൊണ്ടിരിക്കെ നഗര മുത്തശ്ശിയായ മയ്യഴി മരിച്ചു കൊണ്ടിരിക്കുകയാണ്.




മാഹിയിലെ മുനിസിപ്പൽ ഓഫിസ്

# ഫിസിയോ തെറാപ്പി ദേശീയ സമ്മേളനം 19, 20ന്

കോഴിക്കോട്: ജെ.ഡി.ടി ഇസ്ലാം ഫിസിയോ തെറാപ്പി കോളേജ് സംഘടിപ്പിക്കുന്ന ഫിസിയോ തെറാപ്പി ദേശീയ സമ്മേളനം 19, 20 തിയതികളിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പത്മശ്രീ റാബിയ സമ്മേളനം ഉദ്ഘാടനം ചെയ്യും. കായികമത്സരങ്ങൾ കമാൽ വരദൂരും കലാമത്സരങ്ങളുടെ ഉദ്ഘാടനം സംവിധായകൻ മുഹ്സിനും നിർവഹിക്കും. എം.കെ രാഘവൻ എം.പി, ജെ.ഡി.ടി ഇസ്ലാം പ്രസിഡന്റ് ഡോ.വി.ഇദ്രീസ്, സെക്രട്ടറി ഡോ.പി.സി അൻവർ, ജോയിന്റ് സെക്രട്ടറി എ.പി അബ്ദുൾ ഗഫൂർ എന്നിവർ വിവിധ സെഷനുകളിൽ സംബന്ധിക്കും. സംസ്ഥാനത്തിനകത്തും പുറത്തുനിന്നുമായി 1500ഓളം ഫിസിയോ തെറാപ്പി വിദ്യാർഥികൾ, അധ്യാപകർ, പ്രൊഫഷണൽസ് പങ്കെടുക്കും. രണ്ട് ദിവസങ്ങളിലായി 50ഓളം അക്കാദമിക് വിദഗ്ധർ വിവിധ വിഷയങ്ങൾ അവതരിപ്പിക്കും. പേപ്പർ പ്രസന്റേഷൻ, ക്വിസ്, കലാ-കായിക മത്സരങ്ങൾ, ലൈവ് മ്യൂസിക് ബാൻഡ് എന്നിവയും നടക്കും. വാർത്താസമ്മേളനത്തിൽ ഡോ.ടി. സജീവൻ(പ്രിൻസിപ്പാൾ, ജെ.ഡി.ടി ഇസ്ലാം ഫിസിയോതെറാപ്പി കോളേജ്), അബ്ദുൽ ഹമീദ്(പ്രിൻസിപ്പാൾ, ജെ.ഡി.ടി ഇസ്ലാം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ) എന്നിവർ സംബന്ധിച്ചു.

# പ്രൗഢമായി മർകസ് ഖുർആൻ അക്കാദമി പഠനാരംഭം

കോഴിക്കോട്: മർകസിലെ ഖുർആൻ പഠന കേന്ദ്രമായ അക്കാദമി ഓഫ് ഖുർആൻ സ്റ്റഡീസ് ക്യാമ്പസുകളിലെ പഠനാരംഭം 'അൽ ഫാത്തിഹ്' പ്രൗഢമായി. സുൽത്വാനുൽ ഉലമ കാന്തപുരം എ.പി അബൂബക്കർ മുസ് ലിയാർ വിദ്യാരംഭ ചടങ്ങുകൾക്ക് നേതൃത്വം നൽകി. ഖുർആനിലെ ആദ്യ അധ്യായമായ 'സൂറത്തുൽ ഫാത്തിഹ' ഓതികൊടുത്ത് സയ്യിദ് ശിഹാബുദ്ദീൻ അഹ്ദൽ മുത്തനൂർ പഠനാരംഭം കുറിച്ചു. വിശുദ്ധ ഖുർആൻ പഠന മേഖലയിൽ മർകസിന് കീഴിൽ 26 ക്യാമ്പസുകൾ നിലവിലുണ്ട്. 11 സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർഥികളാണ് ഇവിടെ പഠിക്കുന്നത്. കേരള സിലബസ് സ്കൂൾ പഠനത്തോടൊപ്പവും സി.ബി.എസ്.ഇ പഠനത്തോടൊപ്പവും ഖുർആൻ മനഃപാഠമാക്കാനും പാരായണ മികവ് നേടാനും ഈ ക്യാമ്പസുകളിൽ സംവിധാനമുണ്ട്. പഠനകാലത്തും ശേഷവും വിദ്യാർഥികൾ ദേശീയ-അന്തർ ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുകയും ഉന്നത വിജയം കൈവരിക്കുകയും ചെയ്യാറുണ്ട്. അന്താരാഷ്ട്ര വേദികളിൽ ഇന്ത്യയുടെ യശസ്സ് ഉയർത്തുന്നതിനും ഖുർആൻ പഠനത്തിൽ മികവ് പുലർത്തുന്നതിനും ഇവിടെ വിവിധ പരിശീലനങ്ങൾ നൽകുന്നു. പഠനാരംഭ ചടങ്ങിൽ വിവിധ ക്യാമ്പസുകളിലെ 820 വിദ്യാർഥികളും രക്ഷിതാക്കളും അധ്യാപകരും പങ്കെടുത്തു. ഹാഫിള് അബൂബക്കർ സഖാഫി അധ്യക്ഷത വഹിച്ചു. സി.പി ഉബൈദുല്ല സഖാഫി, സ്വാദിഖ് സഖാഫി പെരിന്താറ്റിരി, ഹാഫിള് അബ്ദുസ്സമദ് സഖാഫി ആശംസകൾ നേർന്നു. ഹാഫിള് അബ്ദുനാസർ സഖാഫി, ഹനീഫ് സഖാഫി കാരന്തൂർ, ഹാഫിള് സൈനുൽ ആബിദ് സഖാഫി സംബന്ധിച്ചു.




മർകസ് ഖുർആൻ അക്കാദമി പഠനാരംഭം സയ്യിദ് ശിഹാബുദ്ദീൻ അഹ്ദൽ മുത്തനൂർ ഉദ്ഘാടനം ചെയ്യുന്നു



കാളാണ്ടിത്താഴം ദർശനം ഗ്രന്ഥശാലയിലെ ബാലവേദി അംഗങ്ങൾക്കുള്ള സ്പോർട്സ് കിറ്റിന്റെ വിതരണോദ്ഘാടനം ഗ്രന്ഥശാല വൈസ് പ്രസിസന്റ് സി.പി ആയിഷബീ നിർവഹിക്കുന്നു

# ദർശനം ബാലവേദി അംഗങ്ങൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്തു

കോഴിക്കോട്: കാളാണ്ടിത്താഴം ദർശനം ഗ്രന്ഥശാലയിലെ ബാലവേദി അംഗങ്ങൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്തു. ദർശനം ഗ്രന്ഥശാല വൈസ് പ്രസിസന്റ് സി.പി ആയിഷബീ ഉദ്ഘാടനം ചെയ്തു. മെന്റർ ജസീലുദ്ദീൻ.പി, തങ്കം പാലങ്ങാട് എന്നിവർ ആശംസ നേർന്നു. ബാലവേദി ഭാരവാഹികളായി നിവേദ് കൃഷ്ണ (പ്രസിഡന്റ്), പി. ചിന്തു, ഷാമിൽ (വൈസ് പ്രസിഡന്റുമാർ), ആദില മുഷാദ് ( സെക്രട്ടറി), ബി.എസ്. നക്ഷത്ര (ജോയിന്റ് സെകട്ടറി) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. 20 ന് പെനാൽറ്റി ഷൂട്ടൗട്ട് മത്സരം, 27ന് ദേവഗിരി സെന്റ് ജോസഫ് കോളേജി (മീഡിയ അനിമേഷൻ ആന്റ് ഗ്രാഫിക്സ് ഡിസൈൻ) ന്റെ പിന്തുണയോടെ ചിത്രകലാ ശിൽപശാലയും 28ന് തൃശ്ശൂർ സുവോളജിക്കൽ പാർക്കിലേക്ക് പഠന യാത്രയും സംഘടിപ്പിക്കാൻ തീരുമാനിച്ചു. ലൈബ്രേറിയൻ വി.വിലാസിനി നന്ദി പറഞ്ഞു.

# സ്വപ്ന പദ്ധതികളുടെ സാക്ഷാത്കാരത്തിനായി വികസന വേദി പ്രക്ഷോഭത്തിലേക്ക്

തലശ്ശേരി: പൈതൃക നഗരമായ തലശ്ശേരിയുടെ ചിരകാല റെയിൽവേ മോഹങ്ങൾ ഉൾപ്പെടെ, സമഗ്ര വികസനം ലക്ഷ്യമിട്ട് തലശ്ശേരി വികസന സമിതി ഒടുവിൽ പ്രത്യക്ഷ സമരത്തിലേക്ക്. നിർദ്ദിഷ്ട തലശ്ശേരി-മൈസൂർ റെയിൽപ്പാത നിർമ്മാണ പ്രവർത്തനത്തിന്റെ വേഗത വർദ്ധിപ്പിക്കുക, 'വന്ദേ ഭാരത് ', 'അന്ത്യോദയ' ഉൾപ്പെടെ, തലശ്ശേരിയിൽ നിലവിൽ സ്റ്റോപ്പ് ഇല്ലാത്ത ഇരുപത് ട്രെയിനുകൾ നിർത്തുന്നതിന് സാഹചര്യമൊരുക്കുവാനും, അതിനായി നിലവിലുള്ള ലൂപ ലൈൻ സംവിധാനം ഉടൻ മാറ്റണമെന്നുമാണ് ആവശ്യങ്ങളുയർന്നിട്ടുള്ളത്.

വന്ദേ ഭാരത്, അന്ത്യോദയ ഉൾപ്പെടെ 20 ട്രെയിനുകൾക്ക് ഇവിടെ സ്റ്റോപ്പ് ഇല്ലാതിരുന്നിട്ട് കൂടി, വാർഷിക വരുമാനത്തിൽ ദക്ഷിണേന്ത്യയിൽ 35ാം സ്ഥാനത്താണ് തലശ്ശേരി റെയിൽവേസ്റ്റേഷൻ. കേരളത്തിലെ ആദ്യകാല മുനിസിപ്പൽ നഗരമായ തലശ്ശേരിയെ കോർപ്പറേഷനാക്കി ഉയർത്തണമെന്നും വ്യാപകമായി ആവശ്യമുയർന്നിട്ടുണ്ട്. 101 വർഷങ്ങൾക്ക് മുമ്പ് തലശ്ശേരി ജില്ലയായിരുന്നു.1922ൽ അന്നത്തെ ഓൾ ഇന്ത്യാ കോൺഗ്രസ്സ് കമ്മിറ്റി ഭാഷാ അടിസ്ഥാനത്തിൽ ചില സംസ്ഥാനങ്ങളും ജില്ലകളും രൂപീകരിച്ചിരുന്നപ്പോൾ, കേരളത്തിൽ അഞ്ച് ജില്ലകളാണ് ഉണ്ടായിരുന്നത്. തിരുവിതാംകൂർ, കൊച്ചി, പാലക്കാട്, കോഴിക്കോട്, തലശ്ശേരി എന്നിവയായിരുന്നു ആ ജില്ലകൾ. 'കേരളവും സ്വാതന്ത്ര്യ സമരവും' എന്ന പുസ്തകത്തിൽ ഇത് പ്രതിപാദിക്കുന്നുമുണ്ട്. തലശ്ശേരിയെ ജില്ലാ പദവിയിലേക്ക് തിരികെ കൊണ്ടുവരണമെന്നും, പല കോണുകളിൽ നിന്നും ആവശ്യമുയർന്നിരിക്കുകയാണ്. ഇത്തരം അതിപ്രധാന കാര്യങ്ങൾ ഉയർത്തിയാണ് പ്രത്യക്ഷ സമരത്തിലേക്ക് വികസനകാംക്ഷികൾ നീങ്ങുന്നതെന്ന് വികസന വേദി വർക്കിങ് ചെയർമാൻ കെ.വി ഗോകുൽദാസ് പറഞ്ഞു.




# മലബാർ മെഹഫിൽ 19ന്

കോഴിക്കോട്: കേരള മാപ്പിള കലാ അക്കാദമി കേന്ദ്രകമ്മിറ്റിയുടെ 24ാം വാർഷികാഘോഷത്തിന്റെ ഭാഗമായി മലബാർ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ മലബാർ മെഹഫിൽ സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. 19ന്(വെള്ളി) വൈകീട്ട് ആറിന് മാമുക്കോയ നഗറി(കോഴിക്കോട് ടൗൺ ഹാൾ)ൽ മന്ത്രി അഹമ്മദ് ദേവർകോവിൽ പരിപാടി ഉദ്ഘാടനം ചെയ്യും. അക്കാദമി പ്രസിഡന്റ് തലശ്ശേരി കെ.റഫീഖ് മുഖ്യപ്രഭാഷണം നടത്തും. മലബാർ മേഖല പ്രസിഡന്റ് സുബൈർ കൊളക്കാടൻ അധ്യക്ഷത വഹിക്കും. തുടർന്ന് നടക്കുന്ന മെഹഫിലിൽ ചലച്ചിത്ര പിന്നണി ഗായകൻ അൻസാർ ഇസ്മയിൽ, നിഷാദ്, സജ്ന നാട്ടിക, ബേബി ദിൽറൂബ എന്നിവർ ഗാനങ്ങളാലപിക്കും. വാർത്താസമ്മേളനത്തിൽ തലശ്ശേരി കെ. റഫീഖ്, സുബൈർ കൊളക്കാടൻ, കോയട്ടി മാളിയേക്കൽ, വിശോഭ്.പി എന്നിവർ പങ്കെടുത്തു.

# സി.ബി.എസ്.ഇ സിലബസ്; പുതുച്ചേരി യൂണിയൻ ടെറിട്ടറിയിൽപ്പെട്ട സർക്കാർ വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകർക്ക് പരിശീലനം നൽകി

പുതുച്ചേരി: പുതിയ അധ്യയന വർഷം പുതുശ്ശേരി, കാരിക്കൽ, മാഹി , യാനം എന്നീപ്രദേശങ്ങളിൽ സി.ബി.എസ്.ഇ സിലബസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതുച്ചേരി യൂണിയൻ ടെറിട്ടറിയിൽപ്പെട്ട സർക്കാർ വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകർക്ക് ട്രെയിനിങ് നൽകി. ട്രെയിനിങ് സെഷൻ പുതുച്ചേരി വിദ്യാഭ്യാസ മന്ത്രി എ.നമശിവായം ഉദ്ഘാടനം ചെയ്തു.

വിദ്യാഭ്യാസ വകുപ്പ് ഡയരക്ടർ പ്രിയദർശിനി, ഹയർ സെക്കൻഡറി ജോയിന്റ് ഡയരക്ടർ ശിവകാമി , ഓഫീസർ ഓൺ സ്പെഷൽ ഡ്യൂട്ടി സുഗുണ സുകൃതഭായ് , പുതുശ്ശേരി സി.ഇ.ഒ ധനസൽ വൻനെഹ്റു, കാരിക്കൽ ഹയർസെക്കൻഡറി ഡെപ്യൂട്ടി ഡയരക്ടർ രാജേശ്വരി , മാഹി ചീഫ് എജ്യുക്കേഷണൽ ഓഫീസർ ഉത്തമരാജ് മാഹി എന്നിവർ സംസാരിച്ചു.ഒന്നു മുതൽ അഞ്ചുവരെ മാഹി മേഖലയിലടക്കം സി.ബി.എസ്.ഇ സിലബസാണ് നിലവിലുള്ളത്. പുതിയ അധ്യയന വർഷത്തിൽ ആറാം ക്ലാസ് മുതൽ ഒമ്പത് വരെയും പ്ലസ് വൺ ക്ലാസിലുമാണ് സി.ബി.എസ്.ഇ സിലബസ് നടപ്പിലാക്കുന്നത്. ഈ വർഷം എസ്.എസ്.എൽ.സി, പ്ലസ്ടു ക്ലാസുകൾ അതുപോലെതന്നെ നിലനിൽക്കുന്നതാണ്. സമീപഭാവിയിൽ എസ്.എസ്.എൽ.സിയും പ്ലസ്ടുവും സി.ബി.എസ്.ഇ സിലബസിന്റെ ഭാഗമായി മാറും. അതുപോലെ സ്വകാര്യ വിദ്യാലയങ്ങളും അടുത്തവർഷം മുതൽ സി.ബി.എസ്.ഇയിലേക്ക് മാറേണ്ടിവരും.




പുതുച്ചേരി യൂണിയൻ ടെറിട്ടറിയിൽപ്പെട്ട സർക്കാർ വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകർക്കുള്ള ട്രെയിനിങ് സെഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന പുതുച്ചേരി വിദ്യാഭ്യാസ മന്ത്രി എ.നമശിവായം



മുംബൈക്കെതിരേ മാർക്കസ് സ്റ്റോയിനിസിന്റെ ബാറ്റിങ്

# പ്ലേ ഓഫ് പ്രതീക്ഷ സജീവമാക്കി ലഖ്നൗ

## മുംബൈയെ അഞ്ച് റൺസിന് പരാജയപ്പെടുത്തി

ലഖ്നൗ: മുംബൈയെ അഞ്ച് റൺസിന് പരാജയപ്പെടുത്തി പ്ലേ ഓഫിലേക്ക് ഒരു പടികൂടി കയറി ലഖ്നൗ സൂപ്പർ ജയന്റ്സ്. പോയിന്റ് ടേബിളിൽ 15 പോയിന്റോടു കൂടി മൂന്നാമതെത്താനും അവർക്ക് സാധിച്ചു. ടോസ്നേടി ബൗളിങ് തിരഞ്ഞെടുത്ത മുംബൈ ക്യാപ്റ്റൻ രോഹിത് ശർമയുടെ തീരുമാനം ശരിയെന്ന് വയ്ക്കുന്ന രീതിയിലായിരുന്നു ലഖ്നൗവിന്റെ തുടക്കം. 35 റൺസെടുക്കുന്നതിനിടെ ആദ്യ മൂന്ന് വിക്കറ്റുകൾ അവർക്ക് നഷ്ടമായി. ഒരു കൂട്ടത്തകർച്ച മുന്നിൽ കണ്ടെങ്കിലും നാലാം വിക്കറ്റിൽ ഒരുമിച്ച ക്യാപ്റ്റൻ ക്രുനാൽ പാണ്ഡ്യയും മാർക്കസ് സ്റ്റോയിനിസും ലഖ്നൗവിന്റെ പ്രതിക്ഷകൾ കാത്തു.

ആക്രമിച്ച് കളിച്ച സ്റ്റോയിനിസിന് വിക്കറ്റ് കളയാതെ മികച്ച പിന്തുണയാണ് ക്രുനാൽ നൽകിയത്. 17ാം ഓവറിൽ സ്കോർ 117ൽ നിൽക്കെ 42 പന്തിൽ 49 റൺസെടുത്ത ക്രുനാൽ റിട്ടയർഡ് ഹർട്ടായി മടങ്ങിയെങ്കിലും. സ്റ്റോയിനിസ് കത്തിക്കയറി. അവസാന നാലോവറിൽ 60 റൺസാണ് ലഖ്നൗ നേടിയത്. 47 പന്തിൽ എട്ട് സിക്സിന്റേയും നാല് ഫോറിന്റേയും അകമ്പടിയോടു കൂടി 47 പന്തിൽ പുറത്താകാതെ 89 റൺസാണ് സ്റ്റോയിനിസിന്റെ സമ്പാദ്യം. നിക്കോളസ് പൂരൻ പുറത്താകാതെ എട്ട് പന്തിൽ എട്ട് റൺസ് നേടി. നിശ്ചിത 20 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 177 റൺസാണ് ലഖ്നൗ നേടിയത്. മുംബൈക്ക് വേണ്ടി ജേസൻ ബെഹ്റെൻഡ്രേഫ് രണ്ട് വിക്കറ്റുകളും പീയുഷ് ചൗള ഒരു വിക്കറ്റും നേടി. മറുപടി ബാറ്റിങ്ങിൽ സ്വപ്ന തുല്യമായ തുടക്കമാണ് മുംബൈക്കായി ക്യാപ്റ്റൻ രോഹിത് ശർമയും ഇഷാൻ കിഷനും നൽകിയത്. ഇരുവരും ആദ്യ വിക്കറ്റിൽ 90 റൺസാണ് കൂട്ടിച്ചേർത്തത്. 37 റൺസെടുത്ത രോഹിത്തിനേയും 59 റൺസ് നേടിയ ഇഷാൻ കിഷനേയും പുറത്താക്കിക്കൊണ്ട് രവി ബിഷ്ണോയി ലഖ്നൗവിന് ബ്രേക്ക് ത്രൂ നൽകി. കഴിഞ്ഞ മത്സരത്തിലെ ഹീറോ സൂര്യ കുമാർ യാദവിന് ഏഴ് റൺസ് മാത്രമേ നേടാനായുള്ളൂ. യാഷ് താക്കൂറിനാണ് സൂര്യയുടെ വിക്കറ്റ്.


16 റൺസുമായി നെഹൽ വധേരയും രണ്ടും റൺസുമായി വിഷ്ണു വിനോദും തിരിച്ചു കയറി. എന്നാൽ ടിം ഡേവ് മുംബൈക്ക് പ്രതീക്ഷ നൽകി. 19 പന്തിൽ 32 റൺസ് നേടിയ ടിം കളി വിജയിപ്പിക്കുമെന്ന് തോന്നിച്ചെങ്കിലും ആറ് റൺസകലെ വിജയം അകന്നു. മൊഹസിൻ ഖാൻ എറിഞ്ഞ അവാസാന ഓവറിൽ മുംബൈക്ക് ജയിക്കാൻ 11 റൺസ് വേണമായിരുന്നു. എന്നാൽ അഞ്ച് റൺസ് മാത്രമേ അവർക്ക് നേടാനായുള്ളൂ. നിശ്ചിത 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 172 റൺസാണ് മുംബൈ നേടിയത്. ലഖ്നൗവിന് വേണ്ടി രവി ബിഷ്ണോയിയും യാഷ് താക്കൂറും രണ്ട് വിക്കറ്റുകൾ വീതവും മൊഹ്സിൻ ഖാൻ ഒരു വിക്കറ്റും നേടി. മാർക്കസ് സ്റ്റോയിനിസാണ് കളിയിലെ താരം.

## സഫിൻ ഇന്ത്യ മാനേജിങ് ഡയരക്ടറായി സുജ ചാണ്ടിയെ നിയമിച്ചു



തിരുവനന്തപുരം: സഫിൻ ഇന്ത്യ മാനേജിങ് ഡയരക്ടറായി സുജ ചാണ്ടിയെ നിയമിച്ചു. ബാങ്കുകൾക്കും ഉപഭോക്തൃ കേന്ദ്രീകൃത ധനകാര്യ സ്ഥാപനങ്ങൾക്കും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ സേവനം നൽകുന്ന ആഗോള കമ്പനിയാണ് സഫിൻ. തിരുവനന്തപുരത്തുനിന്നായിരിക്കും സഫിന്റെ പ്രവർത്തനങ്ങൾക്ക് സുജ ചാണ്ടി ചുക്കാൻ പിടിക്കുക. കാനഡയിലെ വാൻകൂവർ ആസ്ഥാനമായ ഇന്ത്യൻമേഖലയുടെ വളർച്ചക്കുവേണ്ടിയാണ് സുജയെ നിയമിച്ചിട്ടുള്ളത്. നേരത്തെ നിസാൻ മോട്ടോർ കോർപറേഷന്റെ ഇന്ത്യയിലെ ആദ്യത്തെ ഗ്ലോബൽ ഡിജിറ്റൽ ഹബിന്റെ പ്രവർത്തനങ്ങൾക്ക് അവർ നേതൃത്വം നൽകിയിരുന്നു. ഇൻഡസ്ട്രീസ് ആൻഡ് നോർക്ക വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല യുടെ ഭാര്യയാണ്.

## കോംപറ്റീഷൻ കമ്മിഷൻ ഓഫ് ഇന്ത്യ ചെയർപേഴ്സനായി രവ്നീത് കൗറിനെ നിയമിച്ചു



ന്യൂഡൽഹി: കോംപറ്റീഷൻ കമ്മിഷൻ ഓഫ് ഇന്ത്യ ചെയർപേഴ്സനായി മുതർന്ന ഐ.എ.എസ് ഒഫിസർ രവ്നീത് കൗറിനെ കേന്ദ്രസർക്കാർ നിയമിച്ചു. അഞ്ച് വർഷത്തേക്കാണ് നിയമനം. കഴിഞ്ഞ ഒക്ടോബറിൽ അശോക് കുമാർ ഗുപ്ത സ്ഥാനമൊഴിഞ്ഞതിന് ശേഷം കമ്മിഷന് സ്ഥിരം ചെയർമാനില്ലായിരുന്നു. കമ്മിഷനംഗമായ സംഗീത വർമ ആക്ടിങ് ചെയർപേഴ്സനായി പ്രവർത്തിക്കുകയായിരുന്നു.


മെയ് 17
കുടുംബശ്രീദിനം പ്രഖ്യാപനവും രജതജൂബിലി ആഘോഷങ്ങളുടെ സമാപനവും
2023 മെയ് 17 | വൈകു: 3.30 | പുത്തരിക്കണ്ടം മൈതാനം, തിരുവനന്തപുരം



ഉദ്ഘാടനം
പിണറായി വിജയൻ
മുഖ്യമന്ത്രി
അദ്ധ്യക്ഷൻ
എം.ബി രാജേഷ്
തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി
മന്ത്രിമാരായ വി.ശിവൻകുട്ടി, അഡ്വ. ജി. ആർ.അനിൽ, അഡ്വ. ആന്റണി രാജു, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, മറ്റു ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും

സ്വയം പര്യാപ്തതയുടെ ചരിത്രമെഴുതിയ കാൽനൂറ്റാണ്ട്

- 3,09,667 അയൽക്കൂട്ടങ്ങൾ; 46.16 ലക്ഷം അംഗങ്ങൾ
- 8029.47 കോടി രൂപ അയൽക്കൂട്ട സമ്പാദ്യം
- ജീവൻദീപം ഒരുമ ഇൻഷുറൻസ് പദ്ധതിയിലൂടെ 11.31 ലക്ഷം പേർക്ക് ഇൻഷുറൻസ് പരിരക്ഷ
- വികസന ചരിത്രത്തിലെ നാഴികക്കല്ലുകളായ കൊച്ചി മെട്രോയിലും വാട്ടർ മെട്രോയിലും വിവിധ സേവനങ്ങൾക്കായി കുടുംബശ്രീ വനിതകൾ
- ഷീ സ്റ്റാർട്സ്, ജനകീയ ഹോട്ടലുകൾ, കേരള ചിക്കൻ തുടങ്ങിയവയിലടക്കം 1,08,464 സംരംഭങ്ങൾ; 1,85,626 സംരംഭകർ
- 90,242 കൃഷിസംഘങ്ങൾ വഴി 33,172.06 ഹെക്ടർ സ്ഥലത്ത് കൃഷി
- മൃഗസംരക്ഷണ മേഖലയിൽ 60,625 പേർക്ക് ഉപജീവനം
- 330 ബഡ്സ് സ്ഥാപനങ്ങൾ വഴി 11092 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പരിശീലനം
- വിവിധ പദ്ധതികളിലൂടെ 96864 പേർക്ക് നൈപുണ്യ പരിശീലനം; 72412 പേർക്ക് തൊഴിൽ
- 15 സ്നേഹിത-ജെൻഡർ ഹെൽപ് ഡെസ്ക്; 802 ജെൻഡർ റിസോഴ്സ് സെന്ററുകൾ
- 7135 പട്ടികവർഗ അയൽക്കൂട്ടങ്ങൾ; 10 പട്ടികവർഗ പ്രത്യേക പദ്ധതികൾ
- കോഴിക്കോട് വിമാനത്താവളത്തിൽ കുടുംബശ്രീ ഉൽപന്നങ്ങൾ ലഭ്യമാക്കുന്ന സിഗ്നേച്ചർ സ്റ്റോർ
- കന്നഡ മേഖലയിലെ വനിതകളുടെ സമഗ്ര വികസനത്തിനായി കന്നഡ സ്പെഷ്യൽ പ്രോജക്ട്
- പ്രവർത്തന മികവിനുള്ള അംഗീകാരമായി 24 സംസ്ഥാനങ്ങളും ഒരു കേന്ദ്ര ഭരണ പ്രദേശവും ഏറ്റെടുത്ത കേരളത്തിന്റെ കുടുംബശ്രീ മാതൃക
- 28528 ബാലസഭകൾ, 4,26,509 അംഗങ്ങൾ
- നൂറു ദിന കർമ്മ പദ്ധതിയുടെ ഭാഗമായി നൂറു ദിവസത്തിനുള്ളിൽ 5000 സൂക്ഷ്മ സംരംഭങ്ങൾ

കുടുംബശ്രീ 25 രജതജൂബിലി വർഷം
കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരളം കർമപദ്ധതി
മാലിന്യമുക്തം നവ കേരളം
STAY SAFE ONLINE
git ZEST





കേരള സർക്കാർ
റവന്യൂ വകുപ്പ്
പ്രവാസികളെ ചേർത്തുപിടിച്ച് സംസ്ഥാന സർക്കാർ



റവന്യൂ – സർവെ സംബന്ധമായ പ്രവാസികളുടെ വിഷയങ്ങൾക്ക്
പ്രവാസി മിത്രം പോർട്ടൽ
പ്രവാസി സെൽ സജ്ജം
ഉദ്ഘാടനം
പിണറായി വിജയൻ
മുഖ്യമന്ത്രി



2023 മെയ് 17 വൈകുന്നേരം 4.30
ആർ ശങ്കരനാരായണൻ തമ്പി ഹാൾ
കേരള നിയമസഭാ മന്ദിരം
അധ്യക്ഷൻ
കെ രാജൻ
റവന്യൂ, ഭവനനിർമാണം വകുപ്പ് മന്ത്രി
മുഖ്യാതിഥികൾ
എ എൻ ഷംസീർ
സ്പീക്കർ, കേരള നിയമസഭ
വി ശിവൻകുട്ടി
പൊതുവിദ്യാഭ്യാസം, തൊഴിൽ വകുപ്പ് മന്ത്രി
ആന്റണി രാജു
ഗതാഗത വകുപ്പു മന്ത്രി
ജി ആർ അനിൽ
ഭക്ഷ്യ – പൊതുവിതരണം, ഉപഭോക്തൃ കാര്യം, ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി
പി പ്രസാദ്
കൃഷി വകുപ്പ് മന്ത്രി
ജനപ്രതിനിധികൾ പങ്കെടുക്കും
റവന്യൂ – സർവെ വകുപ്പ് ഓഫീസുകളിൽ പ്രവാസികൾ സമർപ്പിച്ചിട്ടുള്ള അപേക്ഷ /പരാതികളുടെ തുടർനടപടി അറിയുന്നതിന്
പ്രവാസി മിത്രം പോർട്ടൽ
അപേക്ഷ /പരാതികളുടെ ജില്ലാ – സംസ്ഥാനതല അവലോകനത്തിന്
പ്രവാസി സെൽ
STAY SAFE ONLINE
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്


RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.